**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## <u>വിജ്ഞാപനം</u>

## <u>കീം പ്രവേശനം - 2026</u>
## <u>വിവിധ സംവരണ ആനുകൂല്യ സർട്ടിഫിക്കറ്റുകൾ മുൻകൂർ വാങ്ങി വയ്ക്കുന്നത് സംബന്ധിച്ച്</u>

2026 – 2027 അദ്ധ്യയന വർഷത്തെ കീം പ്രവേശന പരീക്ഷാ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള അപേക്ഷ സമർപ്പിക്കുന്നവരിൽ സംവരണ ആനുകൂല്യം, ഫീസ് ആനുകൂല്യം തുടങ്ങിയവ ലഭിക്കുന്നതിന് അർഹരായ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയോടൊപ്പം തന്നെ കാറ്റഗറി/സംവരണം/വരുമാനം തുടങ്ങിയവ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്.

<u>റവന്യൂ അധികാരികളിൽ നിന്ന് താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ മുൻകൂറായി വാങ്ങി വയ്ക്കേണ്ടതാണ്.</u>

1. വില്ലേജ് ഓഫീസറിൽ നിന്നുള്ള **കേരള സർക്കാർ പഠനാവശ്യങ്ങൾക്കായി** (State Educational Purpose) നൽകുന്ന നോൺ - ക്രീമിലെയർ സർട്ടിഫിക്കറ്റ് (സാമൂഹികവും, വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന (SEBC) വിഭാഗക്കാരും, O E C വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും സമർപ്പിക്കേണ്ടതാണ്. ജോലി ആവശ്യത്തിനോ, കേന്ദ്ര ആവശ്യത്തിനുള്ളതോ, മറ്റ് ഏതെങ്കിലും ആവശ്യത്തിനായോ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് പരിഗണിക്കുന്നതല്ല.

2. തഹസിൽദാരിൽ നിന്നുള്ള **ജാതി സർട്ടിഫിക്കറ്റ്** (SC/ST വിഭാഗക്കാർക്ക്).

3. വില്ലേജ് ഓഫീസർ നൽകുന്ന **സമുദായ സർട്ടിഫിക്കറ്റ്** (നോൺ ക്രീമിലെയറിൽപ്പെടാത്ത OEC വിഭാഗക്കാർ)

4. വില്ലേജ് ഓഫീസിൽ നിന്നുള്ള **വരുമാന സർട്ടിഫിക്കറ്റ്** (SC/ST/OEC വിഭാഗക്കാർ ഒഴികെയുള്ള ജനറൽ കാറ്റഗറി ഉൾപ്പെടെയുള്ള മറ്റ് വിഭാഗക്കാർ കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് ആനുകൂല്യങ്ങൾ/സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി).

5 . G.O.(Ms) No.10/2014/BCDD, dated. 23.05.2014 പ്രകാരം മറ്റർഹ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജാതി/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും, വരുമാന സർട്ടിഫിക്കറ്റും ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങേണ്ടതാണ്.

6. മിശ്ര വിവാഹിതരുടെ മക്കൾക്ക് (SEBC/OEC) സംവരണം/ഫീസാനുകൂല്യം ലഭിക്കുന്നതിന് അവർ

വില്ലേജ് ഓഫീസിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ മിശ്ര വിവാഹിതരിൽ ഒരാൾ SC/ST വിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് SC/ST വിഭാഗങ്ങൾക്കു ലഭ്യമാകുന്ന ഫീസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് തഹസിൽദാർ നൽകുന്ന മിശ്ര വിവാഹ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

7. വിദ്യാർത്ഥികളുടെ ജനനസ്ഥലം രേഖപ്പെടുത്തിയിട്ടുള്ള സ്കൂൾ സർട്ടിഫിക്കറ്റ്/ജനന സർട്ടിഫിക്കറ്റ് നേറ്റിവിറ്റി തെളിയിക്കുന്നതിനായി പരിഗണിക്കുന്നതാണ്. സ്കൂൾ സർട്ടിഫിക്കറ്റ് / ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

8.സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗത്തിൽ (EWS) സംവരണാനുകൂല്യം ലഭിക്കുന്നതിനായി വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

9.സ്വകാര്യ സ്വാശ്രയ കോളേജുകളിൽ ന്യൂനപക്ഷ സമുദായങ്ങൾക്കായി (മുസ്ലീം/ക്രിസ്ത്യൻ) സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതിനായി നോൺ ക്രീമിലെയർ വിഭാഗത്തിൽപ്പെടാത്തവർ വില്ലേജ് ഓഫീസറിൽ നിന്നും സമുദായ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

10.<u>എൻ.ആർ.ഐ സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിന്:</u>

a. എംബസി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. പ്രസ്തുത രേഖയിൽ സ്പോൺസറുടെ ജോലി സംബന്ധിച്ച വിവരം വ്യക്തമാക്കിയിരിക്കണം. <u>വിസയുടെ കാലാവധി അപേക്ഷ സമർപ്പണത്തിന്റെ അവസാന തീയതി വരെ നിർബന്ധമായും ഉണ്ടായിരിക്കണം.</u>
b. പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ എന്നിവയിൽ തൊഴിൽ രേഖപ്പെടുത്താത്ത പക്ഷം എംബസി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാവും.
c. സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം). സ്പോൺസർ അച്ഛൻ/അമ്മ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും. (06.08.2019 ലെ ജി.ഒ (എം.എസ്) നം 243/14/ആ.കു.വ)
d. വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഉൾപ്പെടെ) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം 200/- രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കി ഒരു നോട്ടറിയെ കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.
e. സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ.

**സാധുവായ വിസയുടെ അഭാവത്തിൽ പരിഗണിക്കുന്ന രേഖകൾ**

വിസ validity സൂചിപ്പിക്കുന്ന Civil ID, Resident Permit, Resident ID, IQAMA, Electronic Visa, Employment pass or Entry Visa എന്നി രേഖകള് പരിഗണിക്കുന്നതാണ്.

എംബസി /കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ സാക്ഷ്യപ്പെടുത്തിയ വിസ validity സൂചിപ്പിക്കുന്ന രേഖകളും പരിഗണിക്കുന്നതാണ്.

സ്പോൺസറുടെ വിസയിലെ തൊഴിൽ പദവി (Employment Status) വീട്ടമ്മ എന്നോ വിദ്യാർത്ഥി എന്നോ ആണെങ്കിൽ, കൃത്യമായി സാക്ഷ്യപ്പെടുത്തിയ (Attested) തൊഴിൽ സർട്ടിഫിക്കറ്റാണെങ്കിൽ മാത്രം അത് സാധുവായി പരിഗണിക്കുന്നതാണ്

ഓൺലൈൻ അപേക്ഷയോടൊപ്പം നിശ്ചിത തീയതിയ്ക്കകം ഓൺലൈനായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സംവരണാനുകൂല്യം അനുവദിക്കുന്നതിന് പരിഗണിക്കുകയുള്ളൂ എന്നതിനാൽ ഓരോ കാറ്റഗറിയ്ക്കും റവന്യൂ അധികാരികൾ നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിലുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങി സൂക്ഷിക്കേണ്ടതും ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്ന സമയം അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

വിവിധ ആനുകൂല്യങ്ങളെ സംബന്ധിച്ചും ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളെ സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ കീം പ്രോസ്പെക്ടസ് 2026 ൽ ഉൾപ്പെടുത്തുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പണത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ കീം പ്രോസ്പെക്ടസ് 2026 പ്രത്യേക വിജ്ഞാപനങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികളെ അറിയിക്കുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in ൽ വിദ്യാർത്ഥികൾ നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

Signed by Arun S Nair
Date: 23-12-2025 18:27:49

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23-12-2025